എമ്മാവൂസ്
# വചനദൂത്

Vol.35 / Issue - 51 / 25 June 2017

ശ്ലീഹാക്കാലം നാലാം ഞായർ ലൂക്കാ 6:27-30




നമ്മുടെ ഓരോരുത്തരുടെയും ചിന്താതലങ്ങളിൽ നാമറിഞ്ഞും അറിയാതെയും കടന്നുവരുന്ന ചില ചോദ്യങ്ങളാണ് ഞാനാരാണ്? ഞാനെന്താകണം? എന്നുള്ളവ. നമ്മുടെ അനുദിന ജീവിതവ്യാപാരങ്ങളിലൂടെയും പെരുമാറ്റങ്ങളിലൂടെയും മറ്റുള്ളവർക്ക് മുമ്പിൽ നാമിതിന് ഉത്തരം നൽകുന്നുമുണ്ട്. ഈ ചിന്തകളും ജീവിതരീതികളും സാധാരണമായ മനുഷ്യജീവിതത്തിന്റെ തലങ്ങളിൽ നിന്ന് ഉടലെടുക്കുന്നവ ആണെങ്കിൽ അവയിൽ നിന്നു ഒരുപടി ഉയർന്നുകൊണ്ട് ദൈവീകതലത്തിലേയ്ക്ക് കടന്നുവരുന്നു. അപ്രകാരം ചിന്തിക്കുമ്പോൾ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ ആരായിരിക്കണം എങ്ങനെ ആയിരിക്കണമെന്ന് ക്രിസ്തുനാഥൻ നമുക്ക് സാക്ഷ്യപ്പെടുത്തിത്തരുകയാണ് ഇന്നത്തെ വചനത്തിലൂടെ. മറ്റൊരുരീതിയിൽ പറഞ്ഞാൽ സാധാരണത്വത്തെ അതിലംഘിക്കുന്ന ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളിലേയ്ക്ക് വെളിച്ചം വീശുകയാണ് ഇന്നത്തെ വചനം. ഇത് ക്രിസ്ത്യാനികളായ നാമോരോരുത്തരോടുമുള്ള ക്രിസ്തുനാഥന്റെ ആഹ്വാനമാണ്. നമ്മുടെ ജീവിതവും ജീവിത നിയമവും എന്താണ് എന്ന് അവിടുന്ന് നമുക്ക് പറഞ്ഞുതരുന്നു. സമൂഹത്തിലെ സാധാരണത്വമായവയെ അതിശയിപ്പിക്കുന്ന അസാധാരണങ്ങളെ സ്വന്തമാക്കേണ്ടവനാണ് ക്രിസ്ത്യാനി. ഇന്നത്തെ സുവിശേഷത്തിലൂടെ ഒരിക്കൽ കൂടി ആഴത്തിൽ കണ്ണോടിക്കുമ്പോൾ ഒരുപക്ഷെ ഇതെങ്ങനെ സാധ്യമാകും, ഇതിലെന്ത് ന്യായം എന്നൊക്കെ തോന്നിപ്പോകും.

ഒരുപക്ഷെ ഇതൊക്കെ വെറും മണ്ടൻ ആശയങ്ങളല്ലേ, എന്നുപോലും തോന്നിപ്പോവാം. കാരണം സാധാരണമായ മനുഷ്യത്വം പോലും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹിക അവസ്ഥയിലാണ് ശത്രുക്കളെ സ്നേഹിക്കാനും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനുമൊക്കെ ആഹ്വാനം ചെയ്തുകൊണ്ട് കരുണാർദ്രമായ സ്നേഹത്തിന്റെ വക്താക്കളാകുവാൻ അവിടുന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നത്. എന്നാൽ പൗലോസ്ശ്ലീഹായുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ ഇതിനെ ഇപ്രകാരം സാധൂകരിക്കുന്നുണ്ട്; "ക്രിസ്ത്യാനി ആയി ജീവിക്കുക എന്നത് ഒരുവിധത്തിൽ പറഞ്ഞാൽ ഭോഷത്തമാണ്. യേശു പറഞ്ഞ കാര്യങ്ങൾ ചെയ്യാൻ വേണ്ടി എല്ലാ കൗശലങ്ങളും വെടിയുന്നത് അൽപം ഭോഷത്തം തന്നെ." ഒരു തരത്തിൽ പറഞ്ഞാൽ ജീവിക്കാൻ എളുപ്പമല്ലാത്ത കാര്യങ്ങളുടെ പട്ടികയാണ് ക്രിസ്തു നമ്മുടെ മുമ്പിൽ വരച്ചിടുന്നത്.

കാരണം ഇന്നത്തെ സമൂഹവും, സാമൂഹിക രീതികളും സ്നേഹം എന്ന പദത്തിന് തങ്ങളുടേതായ

അർത്ഥതലങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. ചിലർക്ക് സ്നേഹമെന്നത് സാമ്പത്തിക ലാഭത്തിൽ മാത്രം അടിസ്ഥാനമിട്ടതാണ് അവിടെ ബന്ധങ്ങൾക്ക് പോലും യാതൊരുവിലയുമുണ്ടാകില്ല. ചിലർക്ക് സ്നേഹമെന്നത് അധികാര സ്ഥാനമോഹങ്ങളാണ്. അവിടെ മനുഷ്യത്വത്തിന്റെ എല്ലാ മേഖലകളും ചവിട്ടി അരയ്ക്കപ്പെടുന്നു. മറ്റുചിലർക്ക് സ്നേഹം എന്നത് ഫ്ളാറ്റിനുള്ളിലെ ഭാര്യയോടും മക്കളോടും മാത്രമുള്ള താണ്. അവിടെ ഹൃദയവിശാലത അന്ത്യശ്വാസം വലിക്കപ്പെടുന്നു. ഇനിയും മറ്റുചിലർക്ക് സ്നേഹമെന്നത് വെറും കാമാസക്തി മാത്രമാണ്. അവിടെ മനുഷ്യൻ വെറും ശരീരവും ഉപഭോഗവസ്തുവുമായി പരിണമിക്കപ്പെടുന്നു. പ്രിയമുള്ളവരെ ഇവിടെയാണ് ക്രിസ്ത്യാനിയുടെ ജീവിതം ലോകത്തിനു മുന്നിൽ വെല്ലുവിളിയായി മാറേണ്ടത് കാരണം ക്രിസ്തു കാട്ടിത്തരുന്ന സ്നേഹമെന്നത് പരിതികളില്ലാത്ത സ്നേഹമാണ്. അവൻ ആഹ്വാനം ചെയ്യുന്നത് പ്രതിഫലം നോക്കാതെ സ്നേഹിക്കാനാണ്. ഇവിടെയാണ് ക്രിസ്തീയ സ്നേഹം യാഥാർത്ഥ്യമാകുന്നതും സ്നേഹത്തിന് പൂർണ്ണത ലഭിക്കുന്നതും. അതിനാലാണ് ക്രിസ്തു വ്യക്തമായി നമ്മോട് ഇപ്രകാരം അരുളിച്ചെയ്യുന്നത് ‘‘നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിക്കുന്നതിൽ എന്ത് മേന്മയാണുള്ളത്; പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ടല്ലോ” എന്ന്.

ഒരിക്കൽ ഒരു ഗുരു വെള്ളത്തിൽ വീണ തേളിനെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. ഓരോ തവണ ഗുരു വെള്ളത്തിൽ നിന്ന് തേളിനെ കൈയ്യിലെടുക്കുമ്പോഴും അത് ഗുരുവിനെ കുത്തിക്കൊണ്ടിരുന്നു. ഗുരു കൈ കുടയുമ്പോൾ അത് വീണ്ടും വെള്ളത്തിലേയ്ക്ക് വീഴും. എങ്കിലും വീണ്ടും ഗുരു രക്ഷിക്കാൻ ശ്രമം തുടർന്നു ഇതു കണ്ടുനിന്ന ശിഷ്യൻ ഗുരുവിനോട് ചോദിച്ചു. ഗുരോ അങ്ങ് അതിനെ ഓരോ തവണ രക്ഷിക്കാൻ ശ്രമിക്കുമ്പോഴും അത് അങ്ങയെ കുത്തിവേദനിപ്പിക്കുകയാണല്ലോ പിന്നെ എന്തിന് വീണ്ടും ശ്രമിക്കണം. ഗുരു ശാന്തമായി ഇപ്രകാരം മറുപടി പറഞ്ഞു. ‘‘കുത്തുക എന്നുള്ളതാണ് തേളിന്റെ സ്വഭാവം; എന്നാൽ അപരന് സഹായമാവുക എന്നതായിരിക്കണം നമ്മുടെ രീതി.” ഇതാണ് ക്രിസ്ത്യാനിയും ആയിത്തീരേണ്ടത്; തങ്ങളെ വേദനിപ്പിക്കുന്നവനെ ക്ഷമിക്കുവാനും സ്നേഹിക്കുവാനും സാധിക്കണം. ഇത് ഒരിക്കലും ഒരു അസാധ്യമായതല്ല മറിച്ച് ക്രിസ്തുവിനെ നോക്കി ജീവിക്കുന്നവന് തീർച്ചയായും സാധ്യമായത് തന്നെയാണ്.

വിശുദ്ധ ജോസഫൈൻ ബക്കിതയുടെ ജീവിതത്തിലെ ഒരു സംഭവം ഇപ്രകാരം വിവരിക്കുന്നുണ്ട്. സുഡാനിലെ അടിമചന്തയിൽ അവൾ വിൽക്കപ്പെട്ടു. അവളെ വിലകൊടുത്ത് വാങ്ങിയ അവളുടെ ഉടമകൾ അവളെ ക്രൂരമായി പീഡിപ്പിച്ചു. അവളുടെ ശരീരത്തിൽ ഉണങ്ങാത്ത 144 മുറിവുകൾ ഉണ്ടായിരുന്നു. എന്നാൽ അവൾ യേശുവിന്റെ സ്നേഹം അറിഞ്ഞപ്പോൾ തന്നെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കൃപയിലേയ്ക്ക് വളർന്നു. ഒരിക്കൽ അവൾ ഇപ്രകാരം പറയുകയുണ്ടായി; “എന്നെ പീഡിപ്പിച്ചവരെ വീണ്ടും കണ്ടുമുട്ടുകയാണെങ്കിൽ അവരുടെ മുമ്പിൽ മുട്ടുകുത്തിനിന്ന് അവരുടെ കൈയ്യിൽ ഞാൻ ഉമ്മവയ്ക്കും. അപ്രകാരം എനിക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഞാൻ ഒരിക്കലും ഒരു ക്രിസ്ത്യാനിയോ സന്യാസിയോ ആയിരിക്കുകയില്ല. ഒരു ക്രിസ്ത്യാനി സ്നേഹത്തിന്റെ പൂർണ്ണത ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടവനാണ്. കാരണം കുരിശിൽ കിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തവനാണ് അവന്റെ മുമ്പേ പോകുന്ന ഗുരു.

ലോകത്തിൽ ശത്രുതയും സ്വാർത്ഥതയും പെരുകുമ്പോൾ സകലർക്കും പ്രകാശമാകാനുള്ള വിളിയാണ് ഓരോ ക്രിസ്ത്യാനിക്കും ഇരുളിനെ അകറ്റാൻ ഒരിക്കലും ഇരുളിന് കഴിവില്ല മറിച്ച് പ്രകാശം കടന്നുവരിക തന്നെ ചെയ്യണം. അതുപോലെ തന്നെ ശത്രുതയും സ്വാർത്ഥതയും ഇല്ലാതാകണമെങ്കിൽ അവരിലേയ്ക്ക് സ്നേഹത്തിന്റെ പ്രകാശമായി നാം കടന്നു ചെല്ലണം. കാരണം കരുണാർദ്രമായ സ്നേഹത്തിന് മാത്രമേ ലോകത്തെ കീഴടക്കാൻ സാധിക്കുകയുള്ളൂ. ◆

